**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ - പത്തനംതിട്ട ജില്ലാ കമ്മിറ്റി - കേരളോത്സവത്തിന്റെ അനുബന്ധ ചെലവുകൾക്കായി ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് സംഭാവന യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 34/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06/01/2017

---

പരാമർശം:- 1) കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പത്തനംതിട്ട ജില്ലാ കമ്മിറ്റി പ്രസിഡന്റിന്റെ കത്ത്.
2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

2016-17 വർഷത്തെ സംസ്ഥാന കേരളോത്സവം ഡിസംബർ 1,2,3 തീയതികളിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ നടന്നുവെന്നും ആയതിന് വേണ്ട അനുബന്ധ ചെലവുകൾക്കായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും പരമാവധി പതിനായിരം രൂപ വിനിയോഗിക്കാനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരുവല്ലയിൽ ഡിസംബർ 1,2,3 തീയതികളിൽ നടന്ന കേരളോത്സവത്തിന്റെ സംഘാടന ചെലവുകൾക്കായി പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് 10,000/- (പതിനായിരം) രൂപ അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പത്തനംതിട്ട ജില്ലാ കമ്മിറ്റി കൺവീനർ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
പ്രസിഡന്റ് / സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, പത്തനംതിട്ട ജില്ലാ കമ്മിറ്റി
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.